# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 220 18.03.2013-ൽ മറുപടി

### മാവോയിസ്റ്റ് ഭീഷണി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ മാവോയിസ്റ്റ് ഭീഷണിയുണ്ടെന്ന് ഏതെങ്കിലും സർക്കാർ അന്വേഷണ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (എ) | മാവോയിസ്റ്റുകൾ കേരളത്തിലെ വയനാട് ജില്ലയിൽ ആദിവാസികൾക്കിടയിൽ അവരുടെ ഒരു അടിത്തറ ഉണ്ടാക്കുവാൻ ശ്രമിക്കുന്നതായി കേന്ദ്ര ആഭ്യന്തര വകുപ്പ് 2012 നവംബറിൽ അറിയിച്ചിരുന്നു. |
| ബി) ഇതിന്റെ അടിസ്ഥാനത്തിലാണോ മലബാർ മേഖലയിൽ മാവോയിസ്റ്റുകൾക്കായി വ്യാപകമായ തിരച്ചിൽ നടത്തിയത് ; വിശദമാക്കാമോ ; | (ബി) | 2013 ഫെബ്രുവരിമാസം ആദ്യവാരം കേരള-കർണ്ണാടക വനാതിർത്തികളിൽ മാവോയിസ്റ്റുകളെ കണ്ടതായി നാട്ടുകാർ വിവരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മലബാർ മേഖലയിൽ മാവോയിസ്റ്റുകൾക്കായി വ്യാപകമായി തിരച്ചിൽ നടത്തിയത്. |
| സി) ഇതിന് നേതൃത്വം നൽകിയത് ആരാണ്; ഏതൊക്കെ സൈനിക/പോലീസ് വിഭാഗങ്ങളെയാണ് ഇതിനായി ഉപയോഗപ്പെടുത്തിയത് ; | (സി) | ഉത്തരമേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ, കണ്ണൂർ റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ, അതാത് ജില്ലാ പോലീസ് മേധാവിമാർ എന്നിവരുടെ നേതൃത്വത്തിൽ ലോക്കൽ പോലീസ്, കേരളാ ആംഡ് പോലീസ് സേനാംഗങ്ങൾ, കമാണ്ടോ വിഭാഗമായ തണ്ടർ ബോൾട്ട്, ക്വിക്ക് റെസ്പോൺസ് ടീം, കർണ്ണാടക പോലീസ് എന്നീ വിഭാഗങ്ങളുടെ സേവനം തെരച്ചിലിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| ഡി) തെരച്ചിലിനെ തുടർന്ന് എത്ര മാവോയിസ്റ്റുകളെ അറസ്റ്റു ചെയ്യാനായിട്ടുണ്ട് ; എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട് ; വിശദമാക്കാമോ ; | (ഡി) | ആരേയും അറസ്റ്റു ചെയ്തിട്ടില്ല. |
| ഇ) ഇപ്പോൾ അന്വേഷണം ഏതു ഘട്ടത്തിലാണ് ; അന്വേഷണം നിർത്തിവച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ